മാധ്യമം ● ഞായർ ● 16 സെപ്റ്റംബർ 2018 ● ലക്കം 1580

വാരാദ്യ മാധ്യമം

varadyam@madhyamam.in

2

ഉരു, മെയ്ഡ് ഇൻ ബേപ്പൂർ
2022ൽ ഖത്തറിൽ നടക്കുന്ന ലോകകപ്പ് ഫുട്ബാൾ മാമാങ്കത്തിനായുള്ള കേരളീയരുടെ സമ്മാനമാണ് ഈ ഉരു. പൂർണമായും ബേപ്പൂരിൽ നിർമിച്ച സംബൂക്ക് ഉരു ഖത്തറിൽ എത്തിക്കഴിഞ്ഞു

4

അവനവനിലേക്ക് തുറക്കുന്ന വാതിലുകൾ
വേരുകളൊന്നും ഇളക്കാതെ, ഇലകൾ അടർത്താതെ, കിളികളെ ആട്ടിപ്പായിക്കാതെ, ആരുടെയും ധ്യാനത്തെ മുറിക്കാതെ പ്രകൃതിയിൽ ലയിച്ചുചേർന്ന് ഒഴുകൂ എന്ന് ഉണർത്തുന്ന ചിത്രകാരനും ചിത്രങ്ങളും






ദിൽഷ ജുബൈർ രാജസ്ഥാനിലെ തിലോണിയ ഗ്രാമത്തിലെ സ്ത്രീകളുമൊത്ത്

പ്രോജക്ട് വർക്കിന്റെ ഭാഗമായാണ് ദിൽഷ എന്ന മലയാളി പെൺകുട്ടി രാജസ്ഥാനിലെ അജ്മീർ ജില്ലയിലെ തിലോണിയ ഗ്രാമത്തിലെത്തുന്നത്. ഗ്രാമീണ സ്ത്രീകൾ അനുഭവിക്കുന്ന ആർത്തവകാല ശുചിത്വക്കുറവിന് അറുതിവരുത്താനാണ് ഈ പെൺകുട്ടി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ഗ്രാമീണ ജനതക്ക് താങ്ങാവുന്ന വിലയിൽ അവരുടെ തന്നെ പങ്കാളിത്തത്തോടെ ജൈവ സാനിറ്ററി നാപ്കിനുകൾ നിർമിക്കാനുള്ള പ്രവർത്തനത്തിലാണ് ദിൽഷ

# പാഠം ഒന്ന്, ശുചിത്വം

കെ.പി. ബഷീർ

ഉത്തരേന്ത്യയിലെ പിന്നാക്ക ഗ്രാമം. വിദ്യാഭ്യാസമോ സൗകര്യങ്ങളോ എത്തിനോക്കിയിട്ടില്ലാത്ത ഗ്രാമീണ ജനത. ഇവർക്കിടയിൽ സ്ത്രീ ശരീരത്തിന്റെ ശുചിത്വപാഠം പകർന്നുനൽകുകയാണ് ദിൽഷ ജുബൈർ എന്ന മലയാളി പെൺകുട്ടി. ദാരിദ്ര്യവും അജ്ഞതയും പെൺശരീരത്തിന് സമ്മാനിച്ച വൃത്തിഹീനതയെ ചെറുത്തുതോൽപിക്കാനുള്ള പരിശ്രമത്തിലാണ് ബി.ടെക് ഇലക്ട്രോണിക് കമ്യൂണിക്കേഷൻസ് ബിരുദധാരിയായ ഈ 24കാരി.

യൂത്ത് ഫോർ ഇന്ത്യ എസ്.ബി.ഐ ഫെല്ലോഷിപ് പ്രോജക്ട് വർക്കിന്റെ ഭാഗമായാണ് ദിൽഷ രാജസ്ഥാനിലെ അജ്മീർ ജില്ലയിലെ തിലോണിയ എന്ന ഗ്രാമത്തിലെത്തുന്നത്. പുതിയ കാലത്തിന്റെ ഒരു അടയാളവും ചെന്നെത്തിയിട്ടില്ലാത്ത നാട്. ഇവിടത്തെ സ്ത്രീകൾ അനുഭവിക്കുന്ന ആർത്തവകാല ശുചിത്വമില്ലായ്മയുടെ ദുരനുഭവത്തിന് അറുതി വരുത്താനാണ് ഈ മലയാളി പെൺകുട്ടി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. വൃത്തിയായി കഴുകി ഉണക്കി ഉപയോഗിക്കുന്ന തുണിയോ പുതിയ കാലത്തിന് പരിചിതമായ സിംഗ്ൾ യൂസ് പാഡോ അല്ല ഇവരുടെ ആ ദിനങ്ങളിലെ കൂട്ട്. കുടിക്കാനോ ഭക്ഷണം പാകം ചെയ്യാനോ വേണ്ട വെള്ളം പോലും കിലോമീറ്ററുകൾ താണ്ടി കുടത്തിൽ കൊണ്ടുവരുന്ന ഇക്കൂട്ടർക്ക് പാഴ്തുണി കഴുകുന്നത് ആർഭാടം തന്നെ. നമ്മുടെ മാർക്കറ്റിൽ സുലഭമായി കിട്ടുന്ന സാനിറ്ററി നാപ്കിൻ ആവട്ടെ അവർക്ക് അപൂർവ വസ്തുവും. വൃത്തിഹീനമായ തുണിയും ഒരിക്കൽ ലഭിച്ച പാഡിന്റെ പലതവണയുള്ള ഉപയോഗവുമാണ് ആ ജനതയുടെ പരിചിത ശീലം. അത് സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ നിരവധി. വിദ്യാഭ്യാസമോ ആരോഗ്യബോധമോ ഇല്ലാത്ത ഇവർക്കിടയിൽ ബോധവത്കരണത്തോടൊപ്പം ബദൽമാർഗവും സമർപ്പിച്ചാണ് ദിൽഷ ശ്രദ്ധ നേടുന്നത്.

ഗ്രാമീണ ജനതയുടെ പ്രശ്നങ്ങൾ സംബന്ധിച്ച പ്രോജക്ടിന്റെ ഭാഗമായാണ് രാജസ്ഥാനിലെ ബെയർഫൂട്ട് കോളജ് എന്ന എൻ.ജി.ഒയുമായി ദിൽഷ ബന്ധപ്പെടുന്നത്. ഗ്രാമത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന ശുചിത്വമില്ലായ്മയുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം തേടി എത്തിയിരിക്കുന്നത് പാഡ് നിർമാണ യൂനിറ്റ് എന്ന ആശയത്തിലാണ്. ഗ്രാമങ്ങളിലെ ചപ്പുചവറുകളും വഴിയരികിൽ ചിതറിക്കിടക്കുന്ന പ്ലാസ്റ്റിക് പാഡുകൾ അടക്കമുള്ള മാലിന്യക്കൂമ്പാരവും കണ്ടതിൽ നിന്നാണ് മണ്ണിലും ലയിക്കാവുന്ന ജൈവ പാഡുകൾ എന്ന ആശയം ഉദിക്കുന്നത്. തുടർന്ന് അതിന്റെ നിർമാണ സാധ്യതയും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാവുന്ന ഘടകങ്ങളെക്കുറിച്ചുമായി പിന്നീടുള്ള അന്വേഷണം. ഇന്റർനെറ്റിലൂടെയും പരിചിതവൃത്തങ്ങളിലൂടെയും മറ്റുമുള്ള അന്വേഷണങ്ങൾ ഒടുവിൽ എത്തിച്ചത് ഗ്വാളിയോർ റാഗ് ഇന്നവേഷൻ മെഷീൻ എന്ന കമ്പനിയിലാണ്. ഗ്രാമീണ ജനതക്ക് താങ്ങാവുന്ന വിലയിൽ അവരുടെ തന്നെ പങ്കാളിത്തത്തോടെ ജൈവ പാഡുകൾ നിർമിക്കാനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണിപ്പോൾ.

വിലക്കുറവും ഗുണമേന്മയും അതിലുപരി ഗ്രാമത്തിലെ സ്ത്രീകൾക്ക് പ്രവർത്തിപ്പിക്കാവുന്നതുമാണ് ഈ യന്ത്രം. ചോളം കൊണ്ടുള്ള ഷീറ്റ് ആണ് അസംസ്കൃത വസ്തു. കാഴ്ചയിലും ഉപയോഗത്തിലും പ്ലാസ്റ്റിക്കിനോട് സമാനതകളുള്ള പാഡ് മണ്ണിൽ ലയിക്കുന്നതാണ് എന്നതാണ് ശ്രദ്ധേയം. സന്നദ്ധ സേവനത്തിന് തങ്ങളുടെതായ ഒരു പങ്ക് എന്ന നിലക്ക് കമ്പനി കുറഞ്ഞ വിലയ്ക്കുതന്നെ യന്ത്രം വാഗ്ദാനം ചെയ്തു. നിർമാണ യൂനിറ്റ് സ്ഥാപിക്കാനുള്ള സ്ഥലം ബെയർഫൂട്ട് സ്ഥാപനത്തിൽ ഒരുക്കി. പാഡ് നിർമാണ യൂനിറ്റിന്റെ പ്രവർത്തനങ്ങൾക്കായി അവരിലെ സ്ത്രീകൾതന്നെ രംഗത്തുണ്ട്. യന്ത്രത്തിന്റെ പ്രവർത്തനത്തിന് ഏതാനും സ്ത്രീ സംഘങ്ങൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ജൈവ പ്ലാസ്റ്റിക് ലഭ്യമാക്കാൻ ഇന്ദോറിലെ ഒരു കമ്പനിയുമായി ധാരണയിലെത്തി. ഗ്രാമവാസികൾക്ക് താങ്ങാവുന്ന വിധം സബ്ഡിഡി നിരക്കിൽ ലഭ്യമാക്കിയാലേ പദ്ധതി വിജയിക്കൂ. ഇതിനായി ജയ്പുരിലെ സ്വകാര്യ ആശുപത്രിയുമായി ധാരണയിലെത്തി. അവർ കൂടിയ വിലക്ക് സാധനം എടുക്കും. അതിൽനിന്ന് സമാഹരിക്കുന്ന ലാഭം ഉപയോഗിച്ച് സബ്സിഡി വിലയിൽ വിപണിയിലിറക്കാനാണ് പദ്ധതി. ഉൽപാദിപ്പിക്കുന്ന പാഡുകൾ ദാഇമാർ (പേറ്റിച്ചികൾ) മുഖേനയാണ് ആവശ്യക്കാർക്ക് എത്തിക്കുക. ഗ്രാമത്തിലെ സ്ത്രീകൾക്കിടയിൽ ഏറെ സ്വാധീനവും സ്വാതന്ത്ര്യവുമുള്ള ഇവരുടെ കൂട്ടായ്മയും സേവനവും ഇതിനകം ഉറപ്പുവരുത്തിക്കഴിഞ്ഞു. പദ്ധതി അഞ്ചുപേർക്ക് നേരിട്ടും 25ഓളം പേർക്ക് പരോക്ഷമായും തൊഴിലവസരം സൃഷ്ടിക്കുന്നു.

പാഡ് നിർമാണം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് സാമ്പത്തികംതന്നെയായിരുന്നു പ്രധാന വെല്ലുവിളി. ഗ്വാളിയോറിലെ കമ്പനി യന്ത്രവിലയിൽ ഇളവ് നൽകിയതും യൂനിറ്റ് സ്ഥാപിക്കാൻ എൻ.ജി.ഒയുടെ കെട്ടിടത്തിൽ സൗകര്യം നൽകിയതും ആശ്വാസമായി. എങ്കിലും കുറഞ്ഞ മുതൽമുടക്ക് എന്ന നിലക്ക് വേണ്ട അഞ്ചുലക്ഷം രൂപ സമാഹരിക്കേണ്ടതുണ്ടായിരുന്നു. സന്നദ്ധസേവനങ്ങൾക്കായി ഫണ്ട് സമാഹരിച്ചു നൽകുന്ന വെബ്സൈറ്റിനെക്കുറിച്ചുള്ള അറിവ് www.kteto.orgൽ വിഷയം പരസ്യപ്പെടുത്താൻ കാരണമായി. അതിന് ഫലമുണ്ടായി. രാജ്യത്തിന്റെ പല ഭാഗത്തുനിന്നും വെബ്സൈറ്റ് വഴിയും നേരിട്ടും തുക ലഭ്യമായിത്തുടങ്ങി. ഇപ്പോൾ ലക്ഷ്യമിട്ട തുകയോട് അടുത്തെത്തിയിരിക്കുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി സ്വദേശിയായ ദിൽഷ തൃശൂർ ഗവ. എൻജിനീയറിങ് കോളജിലാണ് ബി.ടെക് പഠിച്ചത്. കേരളവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു നിലക്കും ചിന്തിക്കാൻ പോലും കഴിയാത്ത ജീവിതസാഹചര്യമാണ് ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ എന്ന് ദിൽഷ പറയുന്നു. മെച്ചപ്പെട്ട റോഡോ സ്ഥാപനങ്ങളോ ഇല്ലാത്ത കർഷക ജനത. മുതിർന്നവരിൽ മിക്കവരും നിരക്ഷരർ. സ്കൂൾ ജീവിതം അന്യമായ കുട്ടികൾ. രാവിലെ കൃഷിപ്പണിക്കായി വീടുവിട്ടിറങ്ങി രാത്രി തിരിച്ചെത്തുന്ന മാതാപിതാക്കൾ. പകൽസമയം ചെറിയ കുട്ടികളെ നോക്കേണ്ടതും പശുവിനെയും കോഴികളെയും തീറ്റിക്കേണ്ടതും ഗൃഹപരിപാലനവും കുട്ടികളുടെ ജോലി. ശൈശവ വിവാഹം സാർവത്രികമാണ് എന്നതാണ് മറ്റൊരു വിചിത്രം. 10 വയസ്സിന് താഴെയാണ് പല വധൂവരന്മാരുടെയും പ്രായം. വിവാഹിതരാവുമെങ്കിലും ഒന്നിച്ചുതാമസിക്കുക പെൺകുട്ടി ഋതുമതിയായ ശേഷം. ശാരീരികശേഷിയില്ലാതെ ഗർഭിണിയാവുന്നതും അതിന്റെ അനാരോഗ്യപ്രശ്നങ്ങളും ഏറെ. പോഷകാഹാരക്കുറവും ശിശുമരണനിരക്കും ഉയർന്ന തോതിൽ. മിക്ക വീടുകളിലും രണ്ടുനേരം മാത്രമാണ് ഭക്ഷണം. രാവിലെ ഏഴിനും വൈകീട്ട് ഏഴിനും എന്ന രീതിയിൽ. സ്കൂളില്ലായ്മ തിരിച്ചറിഞ്ഞാണ് ബെയർഫൂട്ട് എന്ന എൻ.ജി.ഒ രാത്രികാല സ്കൂളുകൾ ആരംഭിച്ചത്. പകൽസമയം കുട്ടികൾ വീട്ടുജോലികളിൽ വ്യാപൃതരായതിനാൽ ഇവിടങ്ങളിൽ രാത്രികാല സ്കൂളുകളാണ് ഫലപ്രദം. തത്ഫലമായി പുതിയ തലമുറയിലെ കുരുന്നുകളിൽ പലർക്കും വിദ്യയുടെ വെട്ടം എത്തിത്തുടങ്ങി.

അയിത്തവും ജാതീയതയുമാണ് ഗ്രാമത്തിലെ മറ്റൊരു മുഖമുദ്ര. കളിസ്ഥലങ്ങളിൽ ശണ്ഠകൂടുന്ന കുട്ടികൾക്കിടയിൽ പോലും തീർപ്പുകൽപിക്കാനുള്ള അധികാരം മേൽജാതിക്കാരനാണ്. വിധി മിക്കപ്പോഴും ഏകപക്ഷീയമാവുമെന്ന് പറയേണ്ടതില്ലല്ലോ.

പാഡ് നിർമാണ സാധ്യതകൾ തേടി രാജ്യത്തിന്റെ വിവിധ നഗരങ്ങളിലാണ് ഈ പെൺകുട്ടി സഞ്ചരിച്ചത്. യാത്രകളെല്ലാം ഒറ്റക്ക്. വഡോദര, ഗ്വാളിയോർ, മധുര, ഉദയ്പുർ, ജയ്പുർ, ബംഗളൂരു ഫാക്ടറികൾ ഇതിനായി സന്ദർശിച്ചു. സ്ത്രീകളുടെ ഒറ്റക്കുള്ള യാത്ര–അതും അപരിചിത സ്ഥലങ്ങളിലേക്ക്–ഭയത്തോടെയും വിലക്കുകളോടെയും കാണുന്ന ജനതക്ക് മുന്നിൽ ആത്മവിശ്വാസത്തിന്റെ പാഠം പകർന്നു നൽകുകയാണ് ഈ ചെറുപ്പക്കാരി. ഏതെങ്കിലും തരത്തിലുള്ള ദുരനുഭവങ്ങളോ ആൺഭീഷണികളോ നേരിടേണ്ടി വന്നിട്ടില്ലെന്നാണ് സാക്ഷ്യപ്പെടുത്തുന്നത്.

ഏതൊരു പിന്നാക്കാവസ്ഥയുടെയും അടിസ്ഥാനം അജ്ഞതയാണ്. ആരോഗ്യപരിപാലനത്തെക്കുറിച്ച അറിവ് പകരുക എന്നതാണ് ഗ്രാമീണ ജനതക്കിടയിൽ ദിൽഷ ഏറ്റെടുത്ത മറ്റൊരു ദൗത്യം. ഇതിനായി ബ്ലീഡ് വിത്ത് ഔട്ട് ഷെയിം എന്ന തലക്കെട്ടിൽ കാമ്പയിൻ ആരംഭിച്ചു. ആർത്തവം മറച്ചുവെക്കപ്പെടേണ്ടതോ അഭിശപ്തമാക്കപ്പെടേണ്ടതോ അല്ല എന്ന സന്ദേശം പകർന്നുനൽകുന്നതിനാണ് ഇത്തരമൊരു തലക്കെട്ട് തിരഞ്ഞെടുത്തത്. ഈ വിഷയത്തിൽ ആൺകുട്ടികൾക്കുള്ള ബോധവത്കരണം കൂടി ഉദ്ദേശിച്ചാണ് പ്രചാരണ പരിപാടി. പെൺശരീരത്തോട് ആൺകുട്ടികൾക്ക് പരിഗണനയും ആദരവും സൃഷ്ടിക്കുന്നതിലൂടെയാണ് സ്ത്രീകളുടെ അതിജീവനം സാധ്യമാവുക എന്ന തിരിച്ചറിവിലാണിത്.

ആദ്യമൊക്കെ വിഷയം കേൾക്കാനോ ചർച്ച ചെയ്യാനോ മടിച്ചിരുന്ന പലരും ഇപ്പോൾ സജീവമായി മുന്നിൽ നിൽക്കുന്നുവെന്ന അനുഭവമാണ് ദിൽഷ പങ്കുവെക്കുന്നത്. ആശയവിനിമയമായിരുന്നു പ്രധാന വെല്ലുവിളി. ഹിന്ദിയോട് സാദൃശ്യമുള്ള മാർവാഡിയാണ് അവിടത്തുകാരുടെ ഭാഷ. തുടക്കത്തിൽ അറിയാതിരുന്ന ഹിന്ദി മാസങ്ങൾകൊണ്ട് സ്വായത്തമാക്കിയതോടെ ആ തടസ്സവും ഏറക്കുറെ മറികടക്കാനായി.

മലപ്പുറം തിരുന്നാവായ വൈരങ്കോട് സ്വദേശി ജുബൈറിന്റെയും പൊന്നാനി സ്വദേശി ഹസീനയുടെയും മകളായ ദിൽഷക്ക് എൻജിനീയറിങ് പഠനവേളയിലാണ് സന്നദ്ധസേവന താൽപര്യം ജനിച്ചത്. ഗ്രാമീണ ഇന്ത്യയുടെ പിന്നാക്കാവസ്ഥ അന്നേ ശ്രദ്ധയിലുണ്ടായിരുന്നു. നേരത്തേ പെയിൻ ആൻഡ് പാലിയേറ്റിവ് പ്രവർത്തനത്തിലും കോളജിലെ എൻ.എസ്.എസ് യൂനിറ്റ് പ്രവർത്തനങ്ങളിലെയും പങ്കാളിത്തം ആത്മവിശ്വാസം പകർന്നു നൽകി. ഫെലോഷിപ് കാലാവധി പൂർത്തിയായാലും പദ്ധതി സ്വയംപര്യാപ്തമാവുന്നതുവരെയെങ്കിലും അവിടെ തുടരാനാണ് തീരുമാനം. ●


തിലോണിയ ഗ്രാമത്തിലെ സ്ത്രീകളുമൊത്ത് ദിൽഷ

ഫീച്ചർ



ഉരുവിലെ മജ്ലിസ് (ഹാൾ)



ഇൻറീരിയർ ഡിസൈനർ കെ.പി. നിഷാദ് ഉരു ഉടമ ഖാലിദ് അൽ സുലൈത്തിക്കൊപ്പം



സംബൂക്ക് ഉരു

**ഉരുവിൻെറ പുറവും അകത്തളങ്ങളും പഞ്ചനക്ഷത്ര ഹോട്ടലുകളെപ്പോലും തോൽപിക്കുന്ന വിധമാണ് സംവിധാനിച്ചിരിക്കുന്നത്. ആറ് ബെഡ്റൂമുകൾ, എല്ലാം ബാത്ത് അറ്റാച്ച്ഡ്. മജ്ലിസ് (ഹാൾ) അത്യാധുനിക സൗകര്യത്തോടെ കൊട്ടാരത്തിന് സമാനമായി അലങ്കരിച്ചിരിക്കുന്നു. രണ്ട് അടുക്കളയുമുണ്ട്**

# ഉരു, മെയ്ഡ് ഇൻ ബേപ്പൂർ

ഉണ്ണിച്ചേക്കു ചേന്ദമംഗലൂർ

ബേപ്പൂരിൻെറ ഉരുപെരുമക്ക് തിളക്കംകൂട്ടി ഒരു ഉരു കൂടി. ഖത്തർ രാജാവിൻെറ ഫിനാൻഷ്യൽ മാനേജർ ഖാലിദ് അൽ സുലൈത്തിക്കുവേണ്ടി അരീക്കോട് സ്വദേശി കെ.പി. നിഷാദിൻെറ ഇൻറീരിയർ ഡിസൈനിങ്ങിൽ മിനുങ്ങിയ 'സംബൂക്ക്' എന്ന പേരുള്ള ഒരു വേറിട്ട കാഴ്ചയാണ്. കഴിഞ്ഞ മേയിൽ ബേപ്പൂരിൽ നിർമാണം പൂർത്തീകരിച്ച ഉരു ഖത്തറിലേക്ക് അയച്ചുകഴിഞ്ഞു. ഖത്തറിലെ കോർണീഷിൽ രാജകീയ പരിവേഷത്തിൽ കാഴ്ചക്കാരെ ആകർഷിക്കുകയാണ് ഈ ഉരു.

2022ൽ ഖത്തറിൽ നടക്കുന്ന ലോകകപ്പ് ഫുട്ബാൾ മത്സരം കാണാൻ എത്തുന്നവരെയും കളിക്കാരെയും ലോകസഞ്ചാരികളെയും മുന്നിൽകണ്ടാണ് ഉരു പ്രദർശിപ്പിച്ചത്. ആമ്പൽപ്പൂക്കൾ എന്നാണ് സംബൂക്ക് എന്ന അറബി പദത്തിൻെറ അർഥം. ഉരുവിൻെറ മാതൃക വിടർന്ന ആമ്പൽപ്പൂക്കൾപോലെ പിൻഭാഗം ചരിഞ്ഞ് തുറന്നിട്ട രീതിയിലാണ്. നിരവധി വാഹനങ്ങൾ പിൻഭാഗത്തുകൂടി കയറ്റിവെക്കാവുന്ന രീതിയിലാണ് സംവിധാനിച്ചിരിക്കുന്നത്. 2015 ജൂലൈ 20നാണ് ഉരു നിർമാണം ബേപ്പൂർ കടൽതീരത്ത് തുടങ്ങിയത്. രണ്ടര വർഷത്തിനുശേഷമാണ് ബേപ്പൂരിൻെറ, കേരളത്തിൻെറതന്നെ ഉപഹാരമായി സംബൂക്കിനെ ഖത്തറിന് സമ്മാനിച്ചിരിക്കുന്നത്.

മുൻകാലങ്ങളിൽ മലബാറിലെ ബറാമി കുടുംബങ്ങളായിരുന്നു ഉരു നിർമാണത്തിനു പിന്നിൽ. കാലത്തിൻെറ ഒഴുക്കിൽ മലബാറിലെ ഉരു നിർമാണവും നാമമാത്രമായി. അക്കാലത്ത് ഉരു നിർമാണത്തിന് ഉപയോഗിച്ചിരുന്നത് നിലമ്പൂർ വനങ്ങളിലെ തേക്ക് മരങ്ങളായിരുന്നു. ഗുണനിലവാരമുള്ള തേക്കിൻെറ കാതലിൻെറ തച്ചുശാസ്ത്ര വിധിപ്രകാരമാണ് ഉരു നിർമാണത്തിൻെറ അടിസ്ഥാനം. ഉപ്പുവെള്ളത്തെ ആദേശം ചെയ്യുന്നതിൽ തേക്കിൻെറ കാതൽ ഉരുപ്പടി അനിവാര്യമായിരുന്നു. അക്കാലത്ത് ചാലിയാർപ്പുഴയിൽ ഉരു നിർമാണത്തിന് പറ്റിയ തേക്ക് മരങ്ങൾ ലഭ്യമാക്കുന്നതിന് സൗകര്യമൊരുക്കിയിരുന്നു.

കോഴിക്കോട് കാപ്പാട് കടപ്പുറത്ത് കപ്പലിറങ്ങിയ പോർചുഗീസ് നാവികൻ വാസ്ഗോഡ ഗാമ തിരിച്ചുപോയ കപ്പൽ തേക്ക് മരം ഉപയോഗിച്ചായിരുന്നു എന്ന് ചരിത്രം പറയുന്നു.

1840ലാണ് നിലമ്പൂരിലെ ആദ്യ തേക്ക് തോട്ടം നിലവിൽ വന്നതത്രെ. 50 മീറ്റർ വരെ ഉയരത്തിൽ നിലമ്പൂർ തേക്ക് വളർന്ന കാലമുണ്ടായിരുന്നു. ഒരു ക്യൂബിക് മീറ്ററിന് രണ്ടര ലക്ഷം രൂപ വരെയായിരുന്നു മാർക്കറ്റ് വില. ഇത്തരം തേക്കുകൾ ഉപയോഗിച്ച് നിരവധി ഖലാസികളുടെ കൂട്ടായ്മയിൽ രാവും പകലും പണിയെടുത്ത് ഉരുകൾ നിർമിച്ച് നീറ്റിലിറക്കുന്നതായിരുന്നു പതിവ്. ഇത് പിന്നീട് അറബികൾക്ക് കൈമാറും.

ബേപ്പൂർ തുറമുഖം കേന്ദ്രീകരിച്ച് അറബികൾ നിലമ്പൂർ തേക്ക് ഉരുപ്പടികളും കുരുമുളക്, ഏലം, ഇഞ്ചി, ചുക്ക് തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും ഉരുവിൽ കയറ്റി കൊണ്ടുപോവുകയും കാരക്കയും ഈത്തപ്പഴവും മറ്റു സുഗന്ധദ്രവ്യങ്ങളും ഇറക്കുമതി ചെയ്യുകയും ചെയ്തിരുന്നു. ബേപ്പൂരിൻെറ ഉരു പ്രതാപത്തിന് മങ്ങലേറ്റതോടെ കച്ചവടത്തിനും യാത്രക്കും ഉപയോഗിച്ചിരുന്ന മിക്ക ഉരുകളും രംഗത്തുനിന്ന് പിന്മാറി. പകരം കപ്പലുകളും വിമാനങ്ങളും മുന്നോട്ടു വന്നു. ഉരു നിർമാണവുമായി ബന്ധപ്പെട്ട ബേപ്പൂരിലെ പരേതനായ അച്ചാമു ഹാജി അറബികൾക്കിടയിൽ ബന്ധങ്ങളുള്ള ആളായിരുന്നു. ഈ പഴമയുടെ ബന്ധത്തിലൂടെയാണ് ഇപ്പോൾ ഖത്തറിനുവേണ്ടി വീണ്ടുമൊരു ഉരു നിർമിച്ചുനൽകുന്നതിനുള്ള വേദിയൊരുക്കിയത്. ഖത്തർ രാജകുടുംബത്തിനുവേണ്ടി കേരളത്തിലെ ബേപ്പൂർ പാണ്ടികശാലകണ്ടി മജീദ്, അബ്ദുൽ ഗഫൂർ എന്നിവരുടെ നേതൃത്വത്തിൽ ബിനാഫ് എൻറർപ്രൈസസ് ഗ്രൂപ്പാണ് ഉരു നിർമിച്ചുനൽകിയത്. ഏഴിമല നാവിക അക്കാദമിയുടെ ദക്ഷിണ നാവിക കമാൻഡൻറ് വൈസ് അഡ്മിറൽ എ.ആർ. കാർവെ നിർമാണം നടത്തുന്നതിനിടയിൽ ഉരു കാണാനെത്തി വിലയിരുത്തുകയും അബ്ദുൽ ഗഫൂറിന് പ്രത്യേകം ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

2018 മേയ് ആറിന് ബേപ്പൂരിൻെറ ഉപഹാരമായ സംബൂക്ക് ഉരു ഗുജറാത്തിലെ കപ്പിത്താൻെറ നേതൃത്വത്തിലുള്ള ആറംഗ സംഘം ഖത്തറിലേക്ക് കൊണ്ടുപോയി. 16ന് ഖത്തർ തുറമുഖത്തെ കോർണിഷിൽ ഉരു എത്തിച്ചു.

കടൽത്തീരത്തോട് ചേർന്നുനിൽക്കുന്ന ഖത്തർ അൽഷമാൻ സ്റ്റേഡിയത്തിലേക്ക് പോകണമെങ്കിൽ വാട്ടർ ടാക്സി വിളിക്കണം കളിക്കാർക്കും ബന്ധപ്പെട്ടവർക്കും. ഇതിനായി ഉരു പ്രയോജനപ്പെടുത്തണമെന്ന കണക്കുകൂട്ടലും ഉടമ ഖാലിദ് സുലൈത്തിയുടെ മനസ്സിലുണ്ട്.

ഇന്ത്യയിൽതന്നെ ആദ്യമായാണ് മെഷീൻ സഹായത്തോടെ കെ.പി. നിഷാദ് ഇൻറീരിയർ ഡിസൈൻ നടത്തിയത്. ആദ്യകാലങ്ങളിൽ ഉരു നിർമിച്ച് തുടർന്ന് ദുബൈ കേന്ദ്രീകരിച്ചാണ് ഉൾഭാഗത്തെ അലങ്കാരപ്പണികൾ പൂർത്തിയാക്കുന്നത്. ബേപ്പൂരിൽ ഓരോ ഉരുവിൻെറയും സ്ട്രെക്ചർ പണിയാണ് നടത്തുന്നത്. സംബൂക്ക് ഉരു പൂർണമായും ബേപ്പൂരിൽതന്നെ പൂർത്തീകരിച്ചതാണ്. കോഴിക്കോട് പുഴക്കര രമേശിൻെറ നേതൃത്വത്തിൽ 30 തൊഴിലാളികളാണ് ഉരു നിർമിച്ചത്. രണ്ടു തട്ടുകളിൽ പിൻഭാഗം തുറന്ന രീതിയിലാണ് ഉരു സംവിധാനിച്ചിരിക്കുന്നത്. ഇവ പിന്നീട് ബേപ്പൂർ ഖലാസികൾ നീറ്റിൽ ഇറക്കി.

ഏതൊരു ഉരുവിനെയും ഉരുവാക്കുന്നത് അലങ്കാരചാരുതയാണ്. ഉരുവിൻെറ പുറവും അകത്തളങ്ങളും പഞ്ചനക്ഷത്ര ഹോട്ടലുകളെപ്പോലും തോൽപിക്കുന്ന വിധമാണ് സംവിധാനിച്ചിരിക്കുന്നത്. മുകൾ ഭാഗത്ത് 140 അടിയും താഴ്ഭാഗത്ത് 90 അടിയുമാണ് നീളം. 22 അടി ഉയരമാണുള്ളത്. ആറ് ബെഡ്റൂമുകൾ എല്ലാം ബാത്ത് അറ്റാച്ച്ഡ്. ക്യാപ്റ്റൻ അഥവാ കപ്പിത്താൻെറ ഇരിപ്പിടത്തിന് തൊട്ട് പിറകുവശത്തായി മജ്ലിസ് (ഹാൾ) അത്യാധുനിക സൗകര്യത്തോടെ കൊട്ടാര സമാനമായി അലങ്കരിച്ചിരിക്കുന്നു. രണ്ട് അടുക്കളയുമുണ്ട്. കിടപ്പുമുറികൾക്ക് ബർത്ത് സൗകര്യവുമുണ്ട്. അപ്പോളിസ്റ്ററി, ആർട്ട് ലെതർ ഫർണിച്ചറുകൾ എന്നിവയെല്ലാം ഒരുക്കിയിരിക്കുന്നത് വിലപിടിപ്പുള്ള വസ്തുക്കൾകൊണ്ടാണ്.

എൽ.ഇ.ഡി ലൈറ്റുകൾ മനോഹരമായി ഒരുക്കിയിട്ടുണ്ട്. മണിക്കൂറിൽ 20 കിലോമീറ്റർ നോട്ടിക്കൽ മൈൽ ദൂരമാണ് സംബൂക്ക് ഉരു സഞ്ചരിക്കുന്നത്. 700 കുതിരശക്തിയുള്ള രണ്ട് എൻജിനുകൾ ഘടിപ്പിച്ചിരിക്കുന്നു. ആർകിടെക്ട് നിഷാദിന് കൊച്ചിൻ ഷിപ്യാർഡിലെ കപ്പലിന് ഇൻറീരിയർ ഡിസൈൻ ചെയ്യുന്നതിന് ക്ഷണം ലഭിച്ചിട്ടുണ്ട്. ഖത്തറിലെ അൽ ഷമാൽ സ്റ്റേഡിയം ഉരുവിൻെറ മാതൃകയിലാണ് നിർമിക്കുന്നത്. ലോകത്തുതന്നെ ആദ്യമായിരിക്കും നാടിൻെറ തനിമ നിലനിർത്തി ഉരു മോഡലിൽ സ്റ്റേഡിയം പണി കഴിപ്പിച്ചത്. 16 കോടി രൂപ ചെലവഴിച്ച് സംബൂക്ക് ഉരുവിനെ ഖത്തറിലെ ഖാലിദ് അൽ സുലൈത്തി സ്വന്തമാക്കിക്കഴിഞ്ഞു. എം.എസ്.വി.ആൽ റാഹി എന്നാണ് ഉരുവിന് നൽകിയ പേര്. ●

---

ഡോക്യുഫിക്ഷൻ



'എ ഡോക്യുമെൻററി എബൗട്ട് ഡിസപ്പിയറൻസ്' എന്ന ഡോക്യുഫിക്ഷനിൽനിന്ന്

**ബംഗളൂരു സ്ഫോടനക്കേസിൽ അന്യായമായി പ്രതിചേർക്കപ്പെട്ട് ഒമ്പതു വർഷത്തിലേറെയായി യു.എ.പി.എ ചുമത്തപ്പെട്ട് ജയിലിൽ കഴിയുന്ന മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സ്വദേശി വാണിയംപുറത്ത് മുഹമ്മദ് സകരിയയുടെ ജീവിതം, പൊടിപ്പും തൊങ്ങലും ചേർക്കാതെ തന്മയത്വത്തോടെ അവതരിപ്പിക്കുന്നു ഈ ചിത്രം**

# അസാന്നിധ്യം ബാക്കിവെക്കുന്നത്

കെ.സി. സലീം കരിങ്ങനാട്

നമ്മെ പലപ്പോഴും അസ്വസ്ഥമാക്കുന്നത് ചിലരുടെ അസാന്നിധ്യങ്ങളാണ്. എത്ര കുടഞ്ഞുകളഞ്ഞിട്ടും വിട്ടുപോകാത്ത നീർത്തുള്ളി പോലെ ഉള്ളിൽകിടക്കും ചിലരുടെ അസാന്നിധ്യങ്ങൾ. അത്തരമൊരു അസാന്നിധ്യത്തിൻെറ, അപ്രത്യക്ഷമാകലിൻെറ കഥപറയുകയാണ് ഹാഷിർ കെ. മുഹമ്മദ് സംവിധാനം ചെയ്ത 'എ ഡോക്യുമെൻററി എബൗട്ട് ഡിസപ്പിയറൻസ്' എന്ന ഡോക്യുഫിക്ഷൻ.

ബംഗളൂരു സ്ഫോടനക്കേസിൽ അന്യായമായി പ്രതിചേർക്കപ്പെട്ട് ഒമ്പതു വർഷത്തിലേറെയായി യു.എ.പി.എ ചുമത്തപ്പെട്ട് ജയിലിൽ കഴിയുന്ന മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സ്വദേശി വാണിയംപുറത്ത് മുഹമ്മദ് സകരിയയുടെ ജീവിതം, പൊടിപ്പും തൊങ്ങലും ചേർക്കാതെ തന്മയത്വത്തോടെ അവതരിപ്പിക്കുന്നു ഈ ചിത്രം. യു.എ.പി.എ എന്ന കരിനിയമം തകർത്തത് ഒരുപാട് ചെറുപ്പക്കാരുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമാണ്. വിചാരണകളോ വിധികളോ ഒന്നുമില്ലാതെ, ചെയ്ത തെറ്റെന്തെന്നറിയാതെ ഇന്ത്യയിലെ വിവിധ ജയിലുകളിൽ ഒരുപാട് ചെറുപ്പക്കാർ, സൃഷ്ടിച്ചെടുക്കപ്പെട്ട ഭീകരക്കേസുകളിൽ പ്രതിചേർക്കപ്പെട്ട് വർഷങ്ങളായി കഴിയുന്നുണ്ട്. അക്കൂട്ടത്തിൽ ഒരാളായ സകരിയ ബംഗളൂരു പരപ്പന അഗ്രഹാര ജയിലിൽ കഴിയുകയാണ്. സകരിയയുടെ മാതാവ് ബിയ്യുമ്മയുടെ വേദനയാർന്ന വാക്കുകളും നിസ്സഹായതയും നമ്മൾ പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും മറ്റും കണ്ടതാണ്.

നിരവധി ചെറുപ്പക്കാരുടെ പ്രതീക്ഷകൾക്കുമേൽ കരിനിഴൽ വീഴ്ത്തിയ യു.എ.പി.എ പോലുള്ള കരിനിയമങ്ങൾ റദ്ദാക്കാനോ സൃഷ്ടിക്കപ്പെട്ട ഭീകരക്കേസുകളിൽ വിചാരണ നടത്താനോ നിയമനടപടി ക്രമങ്ങൾക്കോ ഭരണകൂടങ്ങളും മറ്റു നിയമസംവിധാനങ്ങളും മുതിരാത്തത് വിരോധാഭാസം തന്നെ. ഷമീം എന്ന നാമത്തിലാണ് സകരിയയെ ഡോക്യുഫിക്ഷൻ അവതരിപ്പിക്കുന്നത്. നിസ്സഹായാവസ്ഥയും നിരപരാധിത്വവും ഒരേസമയം നിഴലിച്ചുനിൽക്കുന്ന പ്രതിനിധാനമാണ് ഷമീമിൻേറത്.

നീതി എന്നത് അസ്തമിച്ച ഒരു പ്രതിഭാസമാണെന്നും അതൊരു ചോദ്യചിഹ്നമാണെന്നും ജീവിതം ചിറകൊടിഞ്ഞ പ്രതീക്ഷകളുടെ പേരാണെന്നും ചിത്രം കണ്ടുകഴിയുമ്പോഴേക്കും നമുക്ക് തോന്നും. ഡോക്യുഫിക്ഷൻ തീരുമ്പോഴേക്കും നമ്മുടെ ബോധതലങ്ങളിൽനിന്ന് ഒരുപാട് ചോദ്യങ്ങളുയരും. ഇവിടത്തെ ഭരണകൂടങ്ങളൊക്കെ എന്തെടുക്കുകയാണെന്ന ആലോചനയും സ്വാഭാവികമായും വന്നുപോവും.

പൊതുബോധത്താൽ അപരത്വം കൽപിക്കപ്പെടുന്ന ഒരു സമൂഹത്തിനുമേൽ നിരന്തരം ചാപ്പകുത്താനുള്ള ശ്രമങ്ങളുടെ ബലിയാടുകളിലൊരാളാണ് സകരിയ. സ്വന്തം കുടുംബം തീവ്രവാദിയുടെ കുടുംബമെന്ന ലേബലിലേക്ക് പരിണമിക്കുന്ന അവസ്ഥകളോട് സമരസപ്പെടാൻ ഇനിയും അയാൾക്ക് സാധിച്ചിട്ടില്ല. യഥാർഥത്തിൽ പ്രതിരോധത്തിൻെറ, സാംസ്കാരിക ദൗത്യനിർവഹണത്തിൻെറ കൃത്യമായ ഉദാഹരണമാണ് ഈ ചിത്രം.

48 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുഫിക്ഷൻ സംവിധാനം ചെയ്ത ഹാഷിർ കെ. മുഹമ്മദ് ബീമാപള്ളി, മട്ടാഞ്ചേരി എന്നീ ശ്രദ്ധേയ വിഷയങ്ങളിലുള്ള ഡോക്യുമെൻററികളിലൂടെ ശ്രദ്ധേയനായ സംവിധായകനാണ്. വ്യത്യസ്ത ആഖ്യാനശൈലിയാണ് അവലംബിച്ചിരിക്കുന്നത്.

കാമറ ചെയ്ത നസീബ്, സംഗീതസംവിധാനം നിർവഹിച്ച ശേഖർ എല്ലാം പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ട്. അഭിനേതാക്കളെല്ലാം കഥാപാത്രങ്ങളോട് നീതി പുലർത്തുകയും ചെയ്യുന്നു. ഇത് കാണുകയെന്നതു തന്നെ നീതിനിഷേധത്തിനെതിരായ പ്രതിരോധമാണ്. ചിത്രം യൂട്യൂബിൽ ലഭ്യമാണ്. ●

---

## കത്തുകൾ



### പുതിയ അറിവ്

'ഭൂട്ടാൻെറ ഭാഗ്യക്കുറി'-ലക്കം 1579 മുഹമ്മദ് ഷാമോൻ എഴുതിയ ഫീച്ചർ പുതിയ അറിവായിരുന്നു. നമ്മുടെ അയൽരാജ്യത്തിൻെറ നന്മക്കും വികസനത്തിനും തന്നാലാവുന്ന സേവനം കാഴ്ചവെച്ച പരമേശ്വരൻ നായർക്ക് അഭിമാനിക്കാം. ഒന്നും പാഴായില്ലല്ലോ. ഭൂട്ടാൻ രാജ്യത്തിൻെറ വികസനത്തിനായി ഏറെ യത്നിച്ച നായരെയും സംഘത്തെയും അവർ മറന്നില്ല എന്നത് നന്മതന്നെ. അന്ന് ഒരുപക്ഷേ ഭൂട്ടാനിലെ ആ ജോലി ആകർഷകമായിരുന്നിരിക്കണം. ഒരുപക്ഷേ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്നേ കരാറിൽ ഉൾപ്പെട്ടിരിക്കണം. ഇപ്പോൾ രാജകീയ സ്വീകരണം അവർ തന്നില്ലേ. എല്ലാം നന്മതന്നെ. ഉണർവുള്ള ആ പ്രവർത്തനങ്ങൾക്ക് ആശംസകൾ.

ടി.വി. ഹരികുമാർ, കണിച്ചുകുളങ്ങര

### ചിന്തിപ്പിക്കുന്ന കവിത

വാരാദ്യമാധ്യമം ലക്കം 1579ൽ പ്രസിദ്ധീകരിച്ച മുർഷിദ ടി. പട്ടർകടവിൻെറ ഒസ്യത്ത് എന്ന കവിത വായിക്കാൻ ഇടയായി. ഞണ്ടുകളുടെ നാട്ടിൽ ജീവിക്കുന്ന നമുക്ക് ഇത് പുതിയ അനുഭവമല്ല. എന്നാൽ, ഈ അഞ്ചു വയസ്സുകാരൻെറ സ്ഥാനത്ത് നാളെ നമ്മളോ അല്ലെങ്കിൽ നമ്മുടെ മക്കളോ ആകാം എന്ന് ഈ കവിത ചിന്തിപ്പിക്കുന്നു.

ഷാനിയ സലാം കരുനാഗപ്പള്ളി

### ഹൃദയഹാരി

വാരാദ്യമാധ്യമം ലക്കം 1579ൽ കെ.എ. സൈഫുദ്ദീൻ തയാറാക്കിയ 'കണ്ണീർമഴയത്തിരുന്ന് മുത്തുമാരി പാടുകയാണ്' എന്ന ജീവിതമെഴുത്ത് വായിച്ചു. ഒരു കുടുംബത്തിൻെറ ഭാരം ചുമലിലേറ്റി മറ്റുള്ളവർക്കു മുന്നിൽ കൈനീട്ടുന്ന മുത്തുമാരിയുടെ ജീവിതം വളരെ ഹൃദയഹാരിയായി വരച്ചിട്ടു. ദുരന്തങ്ങളിൽ പകച്ചുനിൽക്കാതെ അന്ധതയെ തോൽപിച്ച് ജീവിക്കാൻ, ജീവിപ്പിക്കാൻ. ആ ജീവിതം നന്മ വറ്റാത്തവരുടെ ശ്രദ്ധയിൽപെടാൻ ഈ ഫീച്ചർ കാരണമാവട്ടെ.

ഫൈസൽ ടി.പി. അഞ്ചച്ചവിടി

### അവർ ഒന്നും പഠിച്ചിട്ടില്ല

നാസി ഭീകരതയെക്കുറിച്ച് എത്രയോ വിവരണങ്ങൾ വായിച്ചിരിക്കുന്നു. അനസ് അലി കക്കോടിയുടെ ലേഖനത്തിലെ ഏറ്റവും ഒടുവിലത്തെ വാചകം ഭൂതകാലത്തിലെ ഭീകരതയെയും വർത്തമാനകാല ഭീകരതയെയും കോർത്തുകെട്ടിയിരിക്കുന്നു. ലോകത്തിൻെറ അളവില്ലാത്ത സഹതാപം ഏറ്റുവാങ്ങിയ ഇരകൾ, കാലക്രമേണ കൊടുംക്രൂരതകൾ അഴിച്ചുവിടുന്ന ഭീകരന്മാരായി മാറുന്ന വിരോധാഭാസമാണ് സയണിസ്റ്റ് ഭീകരത. അതെ, ചരിത്രത്തിൽനിന്ന് അവർ ഒന്നും പഠിച്ചിട്ടില്ല.

ഡോ. ഹാരിസ് സി.എച്ച്, കമലേശ്വരം

### വൈലോപ്പിള്ളി കവിതാ പുരസ്കാരം

വൈലോപ്പിള്ളി സ്മാരക സമിതിയുടെ വൈലോപ്പിള്ളി കവിതാ പുരസ്കാരത്തിന് 35 വയസ്സിൽ താഴെയുള്ള കവികളിൽനിന്ന് കൃതികൾ ക്ഷണിക്കുന്നു. 2015 ജനുവരി മുതൽ 2018 ആഗസ്റ്റ് വരെ പ്രസിദ്ധീകരിച്ച കവിതാ സമാഹാരത്തിനാണ് പുരസ്കാരം നൽകുന്നത്. 10,001 രൂപയും ശിൽപവുമടങ്ങുന്നതാണ് പുരസ്കാരം.

കൃതികളുടെ മൂന്ന് കോപ്പി വീതം നവംബർ പത്തിനു മുമ്പ് കടാങ്കോട് പ്രഭാകരൻ, തേജസ്സ്, മാനസ നഗർ, ചുങ്കം വഴി, അയ്യന്തോൾ പി.ഒ, തൃശൂർ -680 003 എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 9497738004.

### അയനം - എ. അയ്യപ്പൻ കവിതാ പുരസ്കാരം

അയനം സാംസ്കാരിക വേദി ഏർപ്പെടുത്തുന്ന എട്ടാമത് അയനം - എ. അയ്യപ്പൻ കവിതാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. 2014 ജനുവരി മുതൽ 2018 ജൂലൈ 31 വരെ ആദ്യ പതിപ്പായി പുറത്തിറങ്ങിയ മലയാള കവിതാ സമാഹാരത്തിനാണ് 11,111 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം.

പുസ്തകത്തിൻെറ നാല് കോപ്പികൾ വിജേഷ് എടക്കുന്നി, ചെയർമാൻ, അയനം സാംസ്കാരിക വേദി, ഒല്ലൂർ, തൈക്കാട്ടുശ്ശേരി തപാൽ, തൃശൂർ, കേരളം - 680 306 എന്ന വിലാസത്തിൽ അയക്കുക. അവസാന തീയതി ഒക്ടോബർ 15. ഫോൺ: 9388922024.

**വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം**

whatsapp: 9645006105
e-mail: varadyam@madhyamam.in

പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

കഥ

# ചില കരച്ചിലുകൾ; അകത്തുനിന്നോ പുറത്തുനിന്നോ

ഷാഹിന ഇ.കെ.

ദീപ്തന് ഒട്ടും ഇഷ്ടമല്ലാതിരുന്നിട്ടും ആ മഴക്കാലം വന്നു. വെയിലിനെ നനച്ചു നനച്ചുകൊണ്ട് മഴ.

തീർത്തുമുപേക്ഷിക്കപ്പെട്ട സൂര്യൻ നനഞ്ഞ മേഘങ്ങളുടെ കീറുകളിൽനിന്ന് നരച്ച മഞ്ഞ വെളിച്ചമായി.

ചവിട്ടുന്നിടത്തൊക്കെ ഈർപ്പം. പച്ച കെട്ടുന്ന മുറ്റം. നനഞ്ഞൊട്ടി വീഴുന്ന ഇലകൾ. ഇരുള് കെട്ടിയ ആ രണ്ടു മുറി വീട് ഒരു ഗുഹയായിരുന്നെങ്കിൽ എന്ന് ദീപ്തന് തോന്നി. വനാന്തരങ്ങളിലെ അത്രക്ക് ആഴമേറിയ ഒരു ഗുഹ. മഴയുടെ ശബ്ദങ്ങൾ വന്നെത്താത്ത ഒരൊളിയിടം. ദീപ്തനിഷ്ടമായിരുന്നില്ലെങ്കിലും മഴ പെയ്തുകൊണ്ടേയിരുന്നു. ചിലപ്പോളൊക്കെ ഉള്ളിലെ സപ്തനാദങ്ങളെ കേൾപ്പിച്ചു മഴ. ദീപ്തനിഷ്ടം അനാഹത നാദമായിരുന്നു. നിശ്ശബ്ദതയുടെ ശബ്ദം.

ജോലിയിടത്തേക്കുള്ള യാത്രകളും തിരികെ വരുന്ന വൈകുന്നേരങ്ങളും ദീപ്തനെ ഈർപ്പം പിടിപ്പിച്ചു. നനഞ്ഞ കുട, നനഞ്ഞ ചെരിപ്പുകൾ, നനഞ്ഞ ഉടൽ. അസ്വസ്ഥതയുടെ മൂർച്ഛയിൽ ചിലപ്പോളയാൾ വല്ലാതെ പിടഞ്ഞു. ഉടലൂരിയെറിയും പോലെ നനവിന്റെ മേലാടകൾ വലിച്ചൂരി.

മഴ ചാറ്റലുടയാടകൾ മാറ്റി കരിനീല പുതയ്ക്കാൻ തുടങ്ങി. ചാരം. കറുപ്പ്. ഭൂതാവേശിതയായ കാറ്റ് മരങ്ങളുടെ ചെകിടത്തടിക്കുന്നതും അവ ആർത്തു കരയുന്നതും കണ്ടു. ഓടകൾക്കുള്ളിൽ നിന്ന് ജലത്തിന്റെ കറുത്ത ദേഹം പുറത്തേക്ക് പൊത്തിപ്പിടിച്ചു കയറി.

ഭൂമിക്ക് നെഞ്ച് പൊട്ടി.

ആകാശം പെയ്തു പെയ്ത് ഭൂമിയിലേക്ക് വീണു.

തുറന്നുവിട്ട ജയിലറകളിൽ നിന്നെന്നപോലെ ജലം അതിരുകൾ മറന്ന് ഭ്രാന്തമായ ഒരാവേശത്തോടെ ഇരച്ചു കയറി. ദീപ്തന്റെ ഊത നിറമുള്ള കുട കാറ്റിൽ അസ്ഥികളൊടിഞ്ഞു കൂമ്പി.

തെരുവ് ജലമായി.

പ്രളയം ദീപ്തനെ തന്റെ പ്രണയത്തെയോർമിപ്പിച്ചു. മറന്നുവെന്ന് അഹങ്കരിച്ചതത്രയും.

ഒരൊറ്റ കാറ്റൂത്തിൽ നിലം പതിച്ചു പോകുന്ന വൻമരം. അയാൾക്ക് പേടി തോന്നി. ഉപേക്ഷിക്കപ്പെട്ട കാലത്തെന്ന പോലെ, അത്രക്കഭയമില്ലാതെ തനിച്ചായി. തനിയെയാവുകയെന്നാൽ എല്ലാം അവനവനിൽ ലയിപ്പിക്കലാണെന്ന് ഏകാകിതയെ നിർവചിക്കാൻ അയാൾക്കിപ്പോൾ വയ്യാതായി.

അന്നേരമാണ് അയാൾക്കേറ്റവും പേടിയുണ്ടായിരുന്നവളെ, ആ പെൺ പൂച്ചയെ അയാൾ കണ്ടത്.

അത് നിർത്താതെ കരയുകയായിരുന്നു. എന്തൊരു തരം കരച്ചിൽ.

പൂച്ചകളെ ദീപ്തന് ഭയമായിരുന്നു. വിശേഷിച്ചും പെൺപൂച്ചകളെ. കാണുമ്പോളൊക്കെയും നിർദയം ആട്ടിയോടിക്കാറുണ്ടായിരുന്ന ജീവി.

അത് ജലത്തിനും ദീപ്തനുമിടയിൽ അതി ദയനീയവും വികൃതവുമായൊരൊച്ചയിൽ കരഞ്ഞുകൊണ്ടേയിരുന്നു.


ചിത്രീകരണം: ഷബ്ന സുമയ്യ

ദീപ്തൻ ഒരു കെട്ട് പത്രക്കടലാസുകൾ അതിരുന്ന മൂലയിയിലേക്കിട്ടു മാറിനിന്നു.

പൂച്ച പത്രക്കടലാസിൽ തന്റെ കുതിർന്ന ദേഹം വെച്ച് ചുരുണ്ടു.

എന്നിട്ടും നിലവിളിച്ചു; നിർത്താതെ നിർത്താതെ.

അന്ന് രാത്രിതന്നെയാണ് ജലം വാതിലിൽ മുട്ടിയത്.

തെരുവ് മുഴുക്കെ ജലം വിഴുങ്ങിയിരുന്നു. ദീപ്തനപ്പോൾ പനിച്ചൂടിൽ പൂച്ചയെപ്പോലെ ചുരുണ്ടുകിടപ്പായിരുന്നു.

നിർത്താതെ നിലവിളിക്കുന്ന പൂച്ചയെ ഇടക്കെപ്പോഴോ ഭയമറ്റ് അയാൾ നെഞ്ചിൽ ചേർത്തുപിടിച്ചിരുന്നു. ഉണരുമ്പോൾ മഴ നിലച്ചിരുന്നു. എത്രയോ ദിവസങ്ങൾ മഴയിലൂടൊലിച്ചു പോയിരുന്നു. ദീപ്തനപ്പോഴും ആശുപത്രിച്ചൂരുണ്ടായിരുന്നു. ദുരിതാശ്വാസ ക്യാമ്പിലെ പലവിധച്ചൂരുകളും. അയാൾ ആരെയൊക്കെയോ ഓർത്തു; അതിലേറെ മറന്നു.

ആകാശം മുകളിലേക്കുതന്നെ മടങ്ങിപ്പോയിരുന്നു.

ജലമിറങ്ങിപ്പോയ മുറ്റത്ത് ചളിയുടെ, കരിയിലകളുടെ കറുത്തഴുകിയ അടരുകൾ. പുറംചുവരിലെ മൺചിത്രങ്ങൾ. ചത്തഴുകിപ്പോയ ഒരു പാമ്പിന്റെ നീളൻ അസ്ഥി. എങ്ങുനിന്നോ ഒഴുകിയെത്തിയ കറുത്ത നിറമുള്ള ഒരൊറ്റ ച്ചെരിപ്പ്.

അകത്തെ ഇരുട്ടിന്റെ മങ്ങൂഴം. വിളർത്ത വെയിലിനു വരാൻ അയാൾ ജനൽ തുറന്നു.

വെയിൽ നക്കിയെടുക്കുന്ന മുറ്റത്തെ ജലം. മുറ്റത്തു ചിറകറ്റു വീണുപോയ അപ്പോഴും ജീവനിലേക്ക് പിടക്കുന്ന മഞ്ഞ ശലഭത്തെ കൊത്തിയെടുക്കാൻ ഒരു കൂട്ടം വിശപ്പു കാക്കകൾ.

ദീപ്തൻ ജനൽ ചാരി. ഒരുപക്ഷേ, ഇനിയൊരിക്കലും അടുക്കിപ്പെറുക്കാനാവാത്തവിധം അലങ്കോലപ്പെട്ട അകം പുറങ്ങൾ.

കാക്കയുടെ കൊക്കിൽ ജീവനില്ലാത്ത മഞ്ഞച്ചിറകു മാത്രം.

"മ്യാവൂ"

വികൃതവും ദയനീയവുമായ ആ പൂച്ചക്കരച്ചിൽ പൊടുന്നനെ അയാൾ കേട്ടു. ഒരു പ്രളയകാലത്തെ മുഴുവൻ ഉള്ളിലെത്തിക്കുന്ന ശബ്ദം.

അയാൾക്ക് ആരെയെങ്കിലും കാണാൻ തോന്നി. ആരെയെന്നറിയാത്ത ആരെയോ. രണ്ടു മുറി വീടിന്റെ ഓരോരോയിടങ്ങളും, നനഞ്ഞ തറകൾ, ചുവരിടകൾ, ചിതറിബാക്കിയായ അടുക്കളപ്പാത്രങ്ങൾ, മണ്ണ് കുഴഞ്ഞ വീട്ടകങ്ങൾ- വിഭ്രമത്തോടെ പരതി നടക്കുമ്പോൾ ഒരുവേള ആ കരച്ചിൽ തനിക്കുള്ളിൽ നിന്നോ പുറത്തു നിന്നോയെന്നുപോലും ദീപ്തന് തീർച്ചയില്ലാതായി. •

കവിത



ചിത്രീകരണം: കെ. നിസാർ

# കറുത്ത മറയുമായ്

ആനപ്പുഴയ്ക്കൽ അനിൽ

കറുത്ത മറയുമായ്
ഉറക്കം വന്നു.
പുസ്തകത്താളുകൾക്കു മുന്നിൽ
കുറുകുന്ന കണ്ണുകളിൽ
വായനയുടെ വിലക്കുകൾ
അകലെയുള്ള
വെളിച്ചങ്ങൾക്ക്
അടുത്തേക്ക് വരാൻ വയ്യ
ആരാണ് അവയെ
തടഞ്ഞുവെച്ചേക്കുന്നത്
നമുക്കുള്ളതെല്ലാം
എടുത്തുകൊണ്ട് പോയ
ഇടങ്ങളിൽ
കറുത്തചിരിയുടെ
കരിക്കട്ടകൾ
പൊട്ടിച്ചിതറിക്കിടക്കുന്നു.
തളർന്നു കിടക്കുമ്പോൾ
അപ്പുറം കേൾക്കാം
അറിവിന്റെ അകലുന്ന കാൽപെരുമാറ്റങ്ങൾ.
വായനയുടെ കൂട്ടുകാരി
ഒരു നിഴലായി കൂടെ.

വായന

# പച്ച ഒരു നിറമേയല്ല

**പച്ച അധിനിവേശത്തിന്റെ കഥയാണ്. അതോടൊപ്പം ഒരു സമൂഹത്തിന്റെ നന്മയുടെയും നിലനിൽപിന്റെയും അതിജീവനത്തിന്റെയും തികച്ചും സാധാരണമായ കഥ, അസാധാരണമായ കാഴ്ചകളുടെയും**

കവിത എസ്.കെ.

പൂക്കൾക്കിടയിൽ ജീവിക്കുന്നതിനെക്കാൾ വേരുകൾക്കിടയിൽ ജീവിക്കാനാണ് എനിക്കിഷ്ടമെന്നു പറഞ്ഞത് പാബ്ലോ നെരൂദയാണ്. അപ്രകാരം വേരുകൾക്കിടയിലെ ജീവിക്കലാണ് ശാശ്വതമെന്ന തിരിച്ചറിവ് പലപ്പോഴും നമ്മെ അത്ഭുതപ്പെടുത്താറുമുണ്ട്. മനോജ് വീട്ടിക്കാടിന്റെ 'തുക പൂജ്യമാകുന്ന കളികൾ' എന്ന നോവൽ നഷ്ടമാകുന്ന വേരുകളെക്കുറിച്ചും അന്യമാകുന്ന ജീവിതത്തെക്കുറിച്ചും നിഷ്കാസിതരാകുന്ന മനുഷ്യരെക്കുറിച്ചും ആശങ്കപ്പെടുന്നു. ഈ ലോകം നമ്മിലവസാനിക്കാതെ ബാക്കിയാക്കേണ്ടതിന്റെ, നമുക്കു ശേഷവും ജീവിതങ്ങൾ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നോവൽ ചർച്ചചെയ്യുന്നു.

പൈതൃകത്തെ തിരിച്ചറിയുകയും തലമുറകളിലേക്ക് കൈമാറുകയും ചെയ്യുക എന്ന ഗഹനതയെയും അതുൾക്കൊള്ളുന്ന തീവ്ര യാഥാർഥ്യങ്ങളെയും ലളിതസുന്ദരമായി വരച്ചുകാട്ടുന്നു 'തുക പൂജ്യമാകുന്ന കളികൾ'. പച്ച എന്ന ഗ്രാമത്തിലേക്കും അതിന്റെ നന്മകളിലേക്കും അവർ നേരിടുന്ന പ്രയാസങ്ങളിലേക്കും തരണംചെയ്യാൻ സ്വീകരിച്ച മാർഗങ്ങളിലേക്കും ഇറങ്ങി ച്ചെല്ലുമ്പോൾ വടക്കേ അമേരിക്കയിലെ അമീഷ് എന്ന സ്ഥലത്തുള്ള ജനവിഭാഗത്തെയാണ് ഓർമവരുക. നഗരവത്കരണവും ആധുനികവത്കരണവും അതിന്റെ സർവ ആസുരതകളോടെയും തങ്ങൾക്ക് ചുറ്റും സംഭവിക്കുമ്പോഴും പരമ്പരാഗത കാർഷികരീതികളും ജീവിതരീതികളും പിന്തുടർന്ന് അവർ നമ്മെ അത്ഭുതപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. പച്ച ഒരു മാതൃകയാണ്. പലപ്പോഴും പച്ച ഒരു ബദലാണ്. നാം അനുവർത്തിച്ചേ മതിയാവൂ എന്ന് നിർബന്ധിക്കുന്ന ഒരു ജീവിതബദൽ. പരിസ്ഥിതിപ്രശ്നങ്ങൾ, ആധുനിക സമൂഹങ്ങളുടെ നിരന്തര ബാധ്യതയും മിക്കപ്പോഴും ശരിയായ വിധത്തിൽ അഭിസംബോധന ചെയ്യപ്പെടാതിരിക്കാൻ ശ്രമിക്കുന്ന പ്രതിസന്ധിയുമാണ്.

എൻമകജെ, ആതി തുടങ്ങി ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ തുറന്നുകാണിക്കുന്ന വളരെക്കുറച്ചു നോവലുകളേ നമുക്കുണ്ടായിട്ടുള്ളൂ. മിക്കതും ഒരു പ്രദേശത്തിന്റെ പരിസ്ഥിതിപ്രശ്നങ്ങൾക്കും കാരണങ്ങൾക്കും ഊന്നൽകൊടുക്കുമ്പോൾ 'തുക പൂജ്യമാവുന്ന കളികൾ' പ്രദേശാതിർത്തികളെ നിരാകരിക്കുകയും പാരിസ്ഥിതിക ഭീഷണികളുടെ രാഷ്ട്രീയവും സാമൂഹികവുമായ കാരണങ്ങളെ വിശകലനം ചെയ്യുകയും ചെയ്യുന്നു. അതായിരിക്കാം ഈ നോവലിനെ വ്യത്യസ്തമാക്കുന്നത്.

പച്ച എന്ന നാട്ടുപേരിൽതന്നെ പച്ച ഒരു നിറമേയല്ല എന്ന നിലപാട് നോവൽ വ്യക്തമാക്കുന്നു. പച്ച എന്നത് യാഥാർഥ്യം എന്നുകൂടി വായിക്കപ്പെടേണ്ടതുണ്ട്. നേരിൽ വിശ്വസിക്കുന്ന ഒരുകൂട്ടം ആളുകളുടെ, ഹരിതാഭമായ ഒരു ഗ്രാമത്തിന്റെ, പുഴയുടെ, വയലുകളുടെ, കൈതക്കാടുകളുടെ, ഗ്രാമപാതകളുടെ, കുന്നിൻ ചരിവുകളുടെ, പൂക്കളുടെ, മരങ്ങളുടെ, ഓരോ പുൽക്കൊടിത്തുമ്പിന്റെയും പൊരുതലുകളുടെയും അതിജീവനത്തിന്റെയും കരുത്തിന്റെയും നേരറിവാണ് പച്ച.

പുസ്തകത്തിന്റെ ആമുഖത്തിൽ പി. സുരേന്ദ്രൻ സൂചിപ്പിക്കുന്നത് ആഖ്യാനത്തെക്കാൾ ആശയത്തിന് പ്രാധാന്യം നൽകിയ കൃതി എന്നാണ്. ഒരു ജപ്പാൻ വിശറി നമുക്ക് മുന്നിൽ നിവരുമ്പോൾ മടക്കുകളിലൊളിപ്പിച്ച അതിന്റെ മനോഹാരിത നമ്മെ എങ്ങനെ ആനന്ദിപ്പിക്കുന്നുവോ അതുപോലെ മനോജിന്റെ രചനാശൈലിയുടെ ലാളിത്യം വായന രസകരമാക്കുന്നുണ്ട്. തുക പൂജ്യമാകുന്ന കളികൾ നമുക്ക് കാഴ്ചവെക്കുന്ന മടക്കുകളുള്ള വിശറി കാഴ്ച അത്രമേൽ മനോഹരമത്രെ. പൂർണിമയും സദാശിവനും ആദിത്യനും ജോസഫും ഗോവിന്ദൻകുട്ടി മേനോനും ഒക്കെ നമുക്കിടയിലെവിടെയോ ഉള്ളവർതന്നെ.

പച്ചയിലെ ശരി പച്ചയുടേതാണ് എന്ന് പറയുമ്പോൾ ഒരു നാടിന്റെ തനത് സംസ്കാരത്തെ ഇതിലപ്പുറം ഏത് വാചകത്തിലൂടെയാണ് വരച്ചുകാട്ടുക. നോവൽ തുടങ്ങി 32ാം അധ്യായത്തിൽ അവസാനിക്കും വരെ അതിഭാവുകത്വമില്ലാതെ ശക്തവും നിർമലവുമായ ആഖ്യാനശൈലിയാണ് നോവലിസ്റ്റ് പിന്തുടരുന്നത്. ഒരു പ്രത്യേക ലിംഗകേന്ദ്രീകൃതമല്ലാത്ത പാത്രസൃഷ്ടി വേറിട്ട അനുഭവംതന്നെ. ലിംഗസമത്വം എന്നതിലുപരി സ്ത്രീയുടെ കരുത്തിൽ നോവൽ വിശ്വാസം പുലർത്തുന്നു. ഒരു നാടിന്റെ ശബ്ദമായും പ്രതിരോധത്തിന്റെ നെടുംകോട്ടകളായും മാറുക സ്ത്രീകളും കുട്ടികളുമാണെന്ന പ്രഖ്യാപനത്തോടെയാണ് നോവൽ അവസാനിക്കുന്നത്. അമേരിക്കൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മാതാവും ഫസ്റ്റ് ലേഡി ഓഫ് സിവിൽ റൈറ്റ്സുമായ റോസാ പാർക്സ് സാധാരണ വീട്ടമ്മയും ഒരു തുണിപ്പീടികയിലെ ജീവനക്കാരിയുമായിരുന്നു.

അവരുടെ ധീരമായ നിലപാടുകളും പോരാട്ടങ്ങളും മനുഷ്യചരിത്രത്തെത്തന്നെ മാറ്റിമറിക്കുകയുണ്ടായി. അതുകൊണ്ടാവണം പച്ചയിലെ പുരുഷന്മാരൊക്കെ അധിനിവേശ ജീവിതത്തോടു സമരസപ്പെടാൻ തയാറാവുമ്പോൾ ലക്ഷ്മിക്കുട്ടി എന്ന സാധാരണ വീട്ടമ്മ 'ജയിക്കാൻ അല്ലാച്ചാ മരിക്കാൻ' എന്നുപറഞ്ഞ് വീടിനു പുറത്തേക്ക് നടക്കുന്നത്.

അധിനിവേശങ്ങൾ അടുക്കളയിലേക്ക് കടന്നുകയറുമ്പോൾ വിപ്ലവവും അടുക്കളകളിൽ നിന്ന് ആരംഭിക്കണം എന്ന അതിനൂതനമായ ആശയത്തെ ഒരു കെട്ടുപാടുമില്ലാതെ നോവൽ സമർഥമായി അവതരിപ്പിക്കുന്നു. നമ്മുടെ കളികൾ അതിരു വിടുന്നെന്നും നാം കാണുന്നതൊക്കെ തുക പൂജ്യമാകുന്ന കളികളാണെന്നും ബോധ്യപ്പെടുത്താൻ ഈ നോവലിന് കഴിയുമെന്ന് ഉറപ്പ്. പച്ച അധിനിവേശത്തിന്റെ കഥയാണ്. അതോടൊപ്പം ഒരു സമൂഹത്തിന്റെ നന്മയുടെയും നിലനിൽപിന്റെയും അതിജീവനത്തിന്റെയും തികച്ചും സാധാരണമായ കഥ, അസാധാരണമായ കാഴ്ചകളുടെയും. •





**തുക പൂജ്യമാകുന്ന കളികൾ**
മനോജ് വീട്ടിക്കാട്
പേജ് 128, വില 120 രൂപ
പ്രസാധനം: ആപ്പിൾ ബുക്സ്

പുസ്തകം




**രുദ്രപ്രയാഗിലെ നരഭോജി (അനുഭവം)**
ജിം കോർബെറ്റ്,വിവ: എം.എസ്. നായർ
പേജ്: 191, വില: 190.00, ഡി.സി ബുക്സ്

125ൽ അധികം മനുഷ്യരെ കൊന്നൊടുക്കി ഹിമാലയൻ ഗ്രാമങ്ങളെ വിറപ്പിച്ച, ചോരക്കൊതിയൻ പുള്ളിപ്പുലിയെ കീഴ്പ്പെടുത്താനായി പുറപ്പെടുന്ന ജിം കോർബെറ്റ് ആ അതിസാഹസിക ദൗത്യത്തിന്റെ കഥപറയുന്നു.



**പൂർവികരുടെ നാട് (നോവൽ)**
വാംബ ഷെരിഫ്
വ: സ്മിത മീനാക്ഷി, രശ്മി കിട്ടപ്പ
പേജ്: 272, വില: 230.00
സൈകതം ബുക്സ്

അടിമത്തത്തിൽനിന്ന് മോചനം നേടി ലൈബീരിയയിലെത്തിയ ഒരു കൂട്ടം മനുഷ്യരുടെ അതിജീവനത്തിന്റെയും സഹനത്തിന്റെയും കഥപറയുന്ന നോവൽ.



**കള്ളൻ പവിത്രൻ (തിരക്കഥ)**
പത്മരാജൻ
പേജ്: 103, വില: 99.00
ഡി.സി ബുക്സ്

പത്മരാജന്റെ പ്രശസ്ത സിനിമയായ 'കള്ളൻ പവിത്ര'ന്റെ തിരക്കഥ. വെറും കള്ളനിൽനിന്ന് പ്രതാപിയിലേക്കും തിരിച്ചുമുള്ള ഒരു കള്ളന്റെ മാറിമറിയലുകൾ.



**ഹജ്ജ്, ചര്യ, ചരിത്രം, ചൈതന്യം (യാത്രാനുഭവം)**
ശൈഖ് മുഹമ്മദ് കാരകുന്ന്
പേജ്: 151, വില: 145.00
ഐ.പി.എച്ച്

ഹജ്ജിന്റെ ദർശനവും ചരിത്രവും കാഴ്ചകളും ചര്യകളുമെല്ലാം ഒരു യാത്രികന്റെ വീക്ഷണകോണിലൂടെ മനോഹരമായി അവതരിപ്പിക്കുന്ന കൃതി.



**പരാജിതന്റെ സുവിശേഷം (കഥ)**
സുരേഷ് തമ്മാനിമറ്റം
പേജ്: 128, വില: 130.00
യെസ്പ്രസ് ബുക്സ്

യഥാതഥമായ ജീവിത നിരീക്ഷണങ്ങളിൽനിന്നും അനുഭവങ്ങളിൽനിന്നും ആഴത്തിൽ രൂപപ്പെടുന്ന കഥകൾ. കൃത്യമായ രാഷ്ട്രീയം സ്വാഭാവികതയോടെ അവതരിപ്പിക്കുന്നു.




**ഗന്ധദ്വീപുകളുടെ പാറാവുകാരി (ലേഖനം)**
സബീന എം. സാലി
പേജ്: 77 വില: 70
സൈകതം ബുക്സ്

മരുഭൂമിയുടെ പറഞ്ഞുതീരാത്ത കഥകൾ പറയുകയാണ് എഴുത്തുകാരി. കാഴ്ചയുടെ പരപ്പും അനുഭവങ്ങളുടെ ആഴവും ഹൃദ്യമായി അവതരിപ്പിക്കുന്നു ഒരോ കുറിപ്പും.



**വിശുദ്ധിയിലേക്ക് ഒരു തീർഥയാത്ര (യാത്രാനുഭവം)**
ഇ.സി. സൈമൺ മാസ്റ്റർ
പേജ്: 86, വില: 90.00
ഐ.പി.എച്ച്


ഖുർആൻ-ബൈബിൾ താരതമ്യപഠനത്തിൽ അവഗാഹമുണ്ടായിരുന്നു സൈമൺ മാസ്റ്ററുടെ ഹജ്ജ് യാത്രാനുഭവം. ഹജ്ജിന്റെ ആത്മീയാനുഭൂതി വായനക്കാരിലേക്ക് പകരുന്നു.



**ആപ്പിൾ പൊഴിയുന്ന നാട്ടിലേക്ക് (യാത്രാനുഭവം)**
ജ്യോതിസ് പി. കടയപ്രത്ത്
പേജ്: 76, വില: 75.00
ലിപി പബ്ലിക്കേഷൻസ്

ഇന്ത്യയുടെ വൈവിധ്യം നിറഞ്ഞ സാംസ്കാരിക ജീവിതത്തെ അടയാളപ്പെടുത്താനുള്ള ഒരു സാധാരണ യാത്രികന്റെ ശ്രമം. ഉത്തരേന്ത്യ മുതൽ പാകിസ്താൻ അതിർത്തി വരെയെത്തുന്ന യാത്ര.

ചിത്രകല





ഷാജി അപ്പുക്കുട്ടൻെറ ചിത്രങ്ങൾ



ഷാജി അപ്പുക്കുട്ടൻ

# അവനവനിലേക്ക് തുറക്കുന്ന വാതിലുകൾ

**വേരുകളൊന്നും ഇളക്കാതെ, ഇലകൾ അടർത്താതെ, കിളികളെ ആട്ടിപ്പായിക്കാതെ, ആരുടെയും ധ്യാനത്തെ മുറിക്കാതെ പ്രകൃതിയിൽ ലയിച്ചുചേർന്ന് ഒഴുകൂ എന്ന് ഉണർത്തുന്ന ചിത്രകാരനും ചിത്രങ്ങളും**

അസ്സലാം പി.

പ്രകൃതിയിൽനിന്ന് മാറ്റപ്പെട്ട ഒരു അസ്തിത്വം മനുഷ്യന് അന്യമാണെന്നുതന്നെ പറയാം. സൂക്ഷ്മജീവികൾ മുതൽ മനുഷ്യർ വരെയുള്ള വേർതിരിവില്ലാത്ത ജീവൻെറ ആവാസ വ്യവസ്ഥയിലിത് ആന്തരികവും ആത്മീയവുമായ ഉണ്മയാണ്. മനുഷ്യൻെറ ആന്തരിക ചോദനകൾ പ്രകൃതംകൊണ്ട് പ്രകൃതിയിലേക്ക് അവനെ ചേർത്തുനിർത്തുന്നു. എന്നാൽ, മനുഷ്യർ സ്വയം സൃഷ്ടിച്ച 'പുരോഗതികൾ' ആ ജീവിതപ്രക്രിയയിൽ വിരുദ്ധാത്മകമായ ക്രമക്കേടുകൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. ബോധപൂർവമോ അല്ലാതെയോയുള്ള ചില 'കുടഞ്ഞെറിയലുകളും' സമകാലീന സാമൂഹിക-രാഷ്ട്രീയ പരിസരവും മനുഷ്യനിൽ അവൻെറ ലീനമായ ജൈവസ്വഭാവങ്ങളെ തകർക്കുന്നവിധം കാലുഷ്യവും നിറച്ചിട്ടുണ്ട്. ഈ ജീവിതാവസ്ഥകളിൽനിന്ന് പ്രകൃതിയുടെ സഹജമായ നിയമവ്യവസ്ഥകളിലേക്ക് മടങ്ങേണ്ട അനിവാര്യത കൂടിക്കൊണ്ടേയിരിക്കുന്നു. ഈ വഴികളിലേക്കുള്ള യാത്രകൾ വെറും മടക്കം മാത്രമല്ല, മനുഷ്യൻെറ യഥാർഥ ജീവിതാന്വേഷണം സാധ്യമാക്കൽകൂടിയാണ്.

ഷാജി അപ്പുക്കുട്ടൻെറ ചിത്രങ്ങൾ ഈ അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. അവക്കൊപ്പം യാത്രചെയ്യുന്നു. വിരുദ്ധമായതിനോട് കലഹിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട എല്ലാറ്റിനെയും രാഷ്ട്രീയപരമായി പ്രതിനിധാനം ചെയ്യുന്നു. അവനവനിലേക്കുള്ള ആത്മീയ അന്വേഷണങ്ങളും അതിൻെറ പ്രകാശത്തിലേക്കുള്ള പര്യടനവുമാണ് അവ. സ്വയം ഉള്ളിലേക്കിറങ്ങുന്നതുവഴി പ്രകൃതിയിലേക്കുള്ള മടക്കം. കരുണ, സിംഫണി ഓഫ് ലാൻഡ്, ഗോഡ്സ് ഓഫ് എർത്ത്, സ്പിരിചൽ എർത്ത്, ആർക്കൈവ്സ് എന്നീ സീരീസുകളിലൂടെ ചിത്രകാരൻ ആ കാഴ്ചകളിലേക്ക് ക്ഷണിക്കുന്നു.





പ്രകൃതിയുടെ സഹജഭാവങ്ങളുടെ വർണനയായ 'കരുണ' ഷാജി അപ്പുക്കുട്ടൻെറ നിലപാട് വ്യക്തമാക്കുന്ന സീരീസ് ആണ്. കണ്ടൽക്കാടുകൾക്കപ്പുറം പ്രകൃതിയിലേക്ക് തുറന്നിരിക്കുന്ന സഹോദരൻ അയ്യപ്പൻെറ വീട്- 'കരുണ', അതിനോട് ചേർന്ന് തണ്ണീർത്തടങ്ങളിൽ നിറഞ്ഞുപരന്ന പച്ചപ്പ്, അവക്കിടയിൽ മേയുന്ന പശുവും കിടാവും, ശാന്തതയിൽ ലയിച്ചിരിക്കുന്ന വയോധികനും മയങ്ങുന്ന സ്ത്രീയും, കിളിയും പൂക്കളും. ഈ ഭൂമി എത്ര സുന്ദരവും ശാന്തവുമാണെന്ന് കരുണയിലെ ഭാവങ്ങൾ പറയും.

'സിംഫണി ഓഫ് ലാൻഡ്' പേരുപോലെ പ്രകൃതിയുടെ സംഗീതമാണ്. മനുഷ്യനും ജീവജാലങ്ങളും പ്രകൃതിയും ഒരുമിച്ച് തീർക്കുന്ന സംഗീതം. ഭൂമിയുടെ നിഷ്കളങ്കതയിൽ തെളിയുന്ന ഭാവങ്ങളും ആത്മാന്വേഷണങ്ങളും അടങ്ങുന്നവയാണ് 'ഗോഡ്സ് ഓഫ് എർത്ത്','സ്പിരിചൽ എർത്ത്' സീരീസിലെ ചിത്രങ്ങൾ. നഗരങ്ങളിലെ വിഷാദഛായകൾ 'ആർക്കൈവ്സിൽ' നിറയുന്നു. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും ചേർന്ന സംയോജനത്തിൻെറ അറ്റമില്ലാത്ത ഭൂമികയാണ് ഈ കലാലോകം. വേരുകളൊന്നും ഇളക്കാതെ, ഇലകൾ അടർത്താതെ, കിളികളെ ആട്ടിപ്പായിക്കാതെ, ആരുടെയും ധ്യാനത്തെ മുറിക്കാതെ പ്രകൃതിയിൽ ലയിച്ചുചേർന്ന് ഒഴുകൂ എന്ന് ഇവ ഉണർത്തും.

ജന്മംകൊണ്ടും പ്രകൃതംകൊണ്ടും കലാകാരനായ ഷാജി അപ്പുക്കുട്ടൻെറ ആത്മാന്വേഷണങ്ങളെ തൃശൂർ ഗവ. ഫൈൻ ആർട്സ് കോളജിലെ പഠനം പ്രചോദിപ്പിച്ചു. ചിത്രകലയെ നിറങ്ങളുടെ ആഘോഷമാക്കുന്നതിനപ്പുറം ഷാജി പ്രകൃതിയിലേക്കും ജീവജാലങ്ങളിലേക്കും തുറന്നിട്ടു. ഇവ രണ്ടിനും ഇടയിൽ അകത്തേക്കും പുറത്തേക്കും പ്രവേശിക്കാവുന്ന വാതിലുകളായി അവ കാലത്തെ വരച്ചിടുന്നു. 1992ൽ ലളിതകലാ അക്കാദമി സംസ്ഥാന പുരസ്കാരം നേടിയ ചിത്രകാരൻ ഡൽഹി, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിലടക്കം 20ഓളം എക്സിബിഷനും ക്യാമ്പുകളും പിന്നിട്ടിരിക്കുന്നു.

മനുഷ്യനെ ഇപ്പുറത്തും പ്രകൃതിയെ അപ്പുറത്തും നിർത്തുന്ന വികസനത്തിൻെറ യുക്തി ബലംപ്രാപിക്കവെ പ്രകൃതിതന്നെ കാറ്റും മഴയും വേനലുമായി തിരിച്ചടിച്ചുതുടങ്ങിയ വർത്തമാനത്തിൽ ഈ ചിത്രകാരൻെറ രചനകൾ ചിലത് പറയുന്നുണ്ട്. മനുഷ്യന് വെട്ടിക്കീറാനും കുത്തിത്തുരക്കാനും അവസാനിക്കാത്ത വിഭവസ്രോതസ്സായി ഉപയോഗപ്പെടുത്താനുമുള്ള സാമഗ്രിയല്ല പ്രകൃതി. ചേർത്തുനിർത്തി കൂടെ കൂട്ടാനുള്ളതാണ് എന്നതാണത്. ●



നാടകം

**നമ്പൂതിരിയെ മനുഷ്യനാക്കുന്നതിനും നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ കലാപമുയർത്തുന്നതിനും വി.ടി. ഭട്ടതിരിപ്പാടും ഇ.എം.എസും പ്രേംജിയും എം.ആർ.ബിയും മറ്റും മുൻകൈയെടുത്ത് സ്ഥാപിച്ച യോഗക്ഷേമ സഭയുടെ ഭൂമികയിലാണ് ഈ നാടകം രൂപപ്പെടുത്തിയിരിക്കുന്നത്. അവരുടെയൊക്കെ ശ്രമം നമ്പൂതിരിയെ മനുഷ്യനാക്കുക എന്നതിലുപരി നമ്പൂതിരി സ്ത്രീകളെ മനുഷ്യസ്ത്രീകളാക്കി മാറ്റി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതുകൂടിയായിരുന്നു. കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരമൊക്കെ ഇന്ന് ചരിത്രത്തിൻെറ ഭാഗമാകുന്നു. ആ ചരിത്രത്തിൻെറ പുനർവായനയാകുന്നു പരിണയം എന്ന നാടകം**



സൂര്യ കൃഷ്ണമൂർത്തി

# ചരിത്രത്തിൻെറ പുനർവായന



'പരിണയം' നാടകത്തിൽനിന്ന്

പി.ജി. സദാനന്ദൻ

മലയാള നാടകവേദിയിലെ പതിവുകാഴ്ചാരീതികളിൽനിന്ന് വ്യത്യസ്തമാണ് സൂര്യ കൃഷ്ണമൂർത്തിയുടെ സംവിധാനത്തിലുള്ള നാടകങ്ങൾ. അവതരണരീതി, ആവിഷ്കാരശൈലി, രംഗാവതരണക്രമം തുടങ്ങി നാടകത്തിൻെറ സമസ്ത മേഖലകളിലും സൂര്യ അനുവർത്തിച്ചുവരുന്ന വ്യത്യസ്തതകൾ ശ്രദ്ധേയമാണ്. എം.ടി. വാസുദേവൻ നായരുടെ ആശയത്തിൽ സൂര്യ കൃഷ്ണമൂർത്തി അവതരിപ്പിച്ച ഭീമൻ രാവുണ്ണി, ബഷീർ മണക്കാട് രചിച്ച തീറ്ററപ്പായി, ശ്രീകുമാർ മുല്ലശ്ശേരി രചിച്ച അമ്മ തങ്കമ്മ, അനാമിക, കളത്തിൽ പത്മിനി മകൾ അമ്മു എന്നീ നാടകങ്ങൾ ഇതിൻെറ നേർസാക്ഷ്യങ്ങളാകുന്നു. പ്രഫ. വി. മധുസൂദനൻ നായരുടെ രചനയിൽ സൂര്യ അവതരിപ്പിച്ച ബൈബിൾ നാടകമായ 'എൻെറ രക്ഷകൻ' അതിസങ്കീർണമായ പരീക്ഷണ വ്യഗ്രത പുലർത്തിയിരുന്നു.

ഇപ്പോൾ, എം.ടിയുടെ രചനയിൽ സൂര്യ കൃഷ്ണമൂർത്തി സംവിധാനം നിർവഹിച്ച് തിരുവനന്തപുരം സൂര്യ തിയറ്റർ അവതരിപ്പിച്ച 'പരിണയം' എന്ന നാടകവും വേറിട്ട ദൃശ്യാനുഭവം പ്രേക്ഷകർക്ക് നൽകുന്നു.

നമ്പൂതിരിയെ മനുഷ്യനാക്കുന്നതിനും നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ കലാപമുയർത്തുന്നതിനും വി.ടി. ഭട്ടതിരിപ്പാടും ഇ.എം.എസും പ്രേംജിയും എം.ആർ.ബിയും മറ്റും മുൻകൈയെടുത്ത് സ്ഥാപിച്ച യോഗക്ഷേമ സഭയുടെ ഭൂമികയിലാണ് ഈ നാടകം രൂപപ്പെടുത്തിയിരിക്കുന്നത്. അവരുടെയൊക്കെ ശ്രമം നമ്പൂതിരിയെ മനുഷ്യനാക്കുക എന്നതിലുപരി നമ്പൂതിരി സ്ത്രീകളെ മനുഷ്യസ്ത്രീകളാക്കി മാറ്റി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതുകൂടിയായിരുന്നു. കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരമൊക്കെ ഇന്ന് ചരിത്രത്തിൻെറ ഭാഗമാകുന്നു. ആ ചരിത്രത്തിൻെറ പുനർവായനയാകുന്നു പരിണയം എന്ന നാടകം.

ഈ നാടകം നമ്പൂതിരി സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനമായി മാത്രം ഒതുങ്ങിപ്പോകുന്നില്ല എന്ന സവിശേഷതയുമുണ്ട്. ഇന്നത്തെ അവസ്ഥയിൽ അക്കഥക്ക് യഥാർഹം ലഭ്യമാകേണ്ടതായ നവവ്യാഖ്യാനങ്ങളും നൽകിയിരിക്കുന്നു. സൂര്യ കൃഷ്ണമൂർത്തിയെന്ന നാടകപ്രതിഭയുടെ മാനസപുത്രിയായ അമ്മു എന്ന കഥാപാത്രത്തിൻെറ പരാമർശത്തിലൂടെയാണ് ഇത് നിർവഹിച്ചിരിക്കുന്നത്.

എം.ടി എന്ന എഴുത്തുകാരൻെറയും സൂര്യ കൃഷ്ണമൂർത്തിയെന്ന സംവിധാന പ്രതിഭയുടെയും സാർഥക മേളനമാണ് മികവുറ്റ അഭിനേതാക്കളിലൂടെയും അണിയറശിൽപികളിലൂടെയും ഈ നാടകം നേടിയിരിക്കുന്നത്. ദേവൻ നെല്ലിമൂട് (സ്മാർത്തൻ), അരുൺനാഥ് പാലോട് (അഫൻ നമ്പൂതിരി), നെയ്യാറ്റിൻകര കൃഷ്ണൻനായർ (ഓതിക്കൻ), എ.കെ. സുജിത് (കുഞ്ഞുണ്ണി), ശ്രീകുമാർ (മുല്ലശ്ശേരി), നോബിൾനോർ ബർട്ട് (കറുത്തേടം), ബൈജു പൂജപ്പുര (മാധവൻ), രാജ്കുമാർ (വാസുദേവൻ), തുഷാര നമ്പ്യാർ (കുഞ്ഞിക്കാളി), കവിത അനിൽ (അന്തർജനം) എന്നിവരാണ് അരങ്ങിൽ നിറയുന്നത്. ഇവരിൽ ദേവൻ നെല്ലിമൂട്, നെയ്യാറ്റിൻകര കൃഷ്ണൻ നായർ, ശ്രീകുമാർ എന്നിവർ അഭിനയ മികവിൽ ഒരുപടി മുന്നിൽ നിൽക്കുന്നു. സുധീർ (ശബ്ദനിയന്ത്രണം), അനിൽ ദേവസ്യ (പ്രകാശ നിയന്ത്രണം), ഹൈലേഷ് (രംഗകല), സോമദാസ് മാർഗി (കഥകളി ചമയം), പ്രദീപ് തലയൽ (കോഓഡിനേഷൻ) എന്നിവർ ഈ നാടകത്തിൻെറ വിജയത്തെ തെല്ലൊന്നുമല്ല സഹായിച്ചിരിക്കുന്നത്.

മലയാളത്തിൽ ഇന്നുള്ള നാടകസമിതികളിൽനിന്ന് വ്യത്യസ്തമായി ഒരു സ്ഥിരം നാടകവേദി സങ്കൽപമാണ് സൂര്യ കൃഷ്ണമൂർത്തിക്കുള്ളത്. ആ നിലക്കാണ് രംഗകലാവിഷ്കാരം. മലയാള നാടകം മരിച്ചുകൊണ്ടിരിക്കുന്നു, പ്രേക്ഷകർ നാടകത്തിൽനിന്നകലുന്നു എന്നൊക്കെയുള്ള വിലാപം നാടകപ്രവർത്തകരിൽനിന്നുതന്നെ ഉയർന്നുകൊണ്ടിരിക്കുന്ന സവിശേഷ കാലഘട്ടമാണിത്. ഇത്തരം വിലാപമുയർത്തുന്നവർ തട്ടിക്കൂട്ടുനാടകങ്ങളുടെ പോരായ്മയെന്തെന്ന് വിലയിരുത്തുന്നില്ല.

നല്ല നാടകങ്ങൾ ആസ്വദിക്കുന്നതിനുള്ള ശേഷിയിലേക്ക് പ്രേക്ഷകർ വളർന്നിരിക്കുന്നു എന്നതാണ് സത്യം. അതുകൊണ്ടാണ്, നല്ല നാടകങ്ങളെ പ്രേക്ഷകർ നെഞ്ചേറ്റി ലാളിക്കുന്നത്. പരിണയം നാടകത്തിന് പ്രേക്ഷകപക്ഷത്തുനിന്ന് ലഭിച്ച സ്വീകാര്യത ഇതിൻെറ തെളിവാകുന്നു. ●